**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2800** **24-02-2026 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് വരുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടന്നു വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടന്നു വരുന്നതിന് താഴെപ്പറയുന്ന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br><br>1.വനമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം.<br><br>2.വനാതിർത്തിയോട് ചേർന്ന് പ്രവർത്തിക്കുന്ന അനധികൃത പന്നി, കോഴി ഫാമുകൾ.<br><br>3.വനമേഖലയിലൂടെയുള്ള അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ കാരണം ആവാസ മേഖലകൾ ചെറുകഷ്ണങ്ങൾ ആയി മുറിഞ്ഞു പോകുന്നതു മൂലം വന്യജീവികളുടെ സ്വൈര്യവിഹാരം തടസ്സപ്പെടുന്നത് .<br><br>4.വന്യജീവികളുടെ ആവാസവ്യവസ്ഥയിലേക്ക് കന്നുകാലികൾ കടന്നുകയറി നടത്തുന്ന മേച്ചിൽ.<br><br>5.അനിയന്ത്രിതവും അശാസ്ത്രീയവുമായ ടൂറിസം പ്രവർത്തനങ്ങൾ, അനുമതിയില്ലാതെ നടത്തുന്ന രാത്രികാല ജീപ്പ് സഫാരികൾ.<br><br>6.വനാതിർത്തിയോടു ചേർന്ന വിസ്തൃതമായ ചില സ്വകാര്യ എസ്റ്റേറ്റുകളിൽ വേണ്ടത്ര പരിപാലനമില്ലാതെ അടിക്കാടുകൾ നിറഞ്ഞ് വനസമാനമായ പ്രതീതിയും, സാഹചര്യവും നിലനിൽക്കുന്നത്.<br><br>7.മനുഷ്യരും, വളർത്തു മൃഗങ്ങളും അസമയങ്ങളിൽ വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും, തങ്ങുന്നതും. |

| | | | |
|---|---|---|---|
| | | | 8.വനാതിർത്തികളോട് ചേർന്ന കൃഷിയിടങ്ങളിൽ കൃഷി സമ്പ്രദായവും ഭൂവിനിയോഗരീതികളും മാറിയത്.<br><br>9.അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യലഭ്യത കുറച്ചതിനാൽ.<br><br>10.വ്യവസായിക ആവശ്യങ്ങൾക്കായി നട്ടു പിടിപ്പിച്ച യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിന വൃക്ഷങ്ങളുടെ തോട്ടങ്ങൾ ആവാസവ്യവസ്ഥകളുടെ ശോഷണത്തിന് കാരണമായതിനാൽ.<br><br>11.അനിയന്ത്രിതമായ കാട്ടുതീ.<br><br>12.കാലാവസ്ഥാ വ്യതിയാനം. |
| (ബി) | വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ വനഭൂമികളിലുള്ള വിദേശയിനത്തിൽപ്പെട്ടതും, കാലികപ്രസക്തി നഷ്ടപ്പെട്ടതും, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായേക്കാവുന്നതുമായ ഏകവിളത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിന് സ.ഉ. (കൈ) നം. 29/2021/വനം തീയതി 17/12/2021 പ്രകാരം സർക്കാർ 'പാരിസ്ഥിതിക പുനഃസ്ഥാപന നയം' തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ഒരു ഇക്കോ-റിസ്റ്റോറേഷൻ പോളിസി അംഗീകരിച്ച് നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. ആവാസ വ്യവസ്ഥാ പരിപോഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കുക വഴി ഉൾവനങ്ങളിൽ വന്യജീവികൾക്ക് മെച്ചപ്പെട്ട ഭക്ഷണ-ജല ലഭ്യത ഉറപ്പുവരുത്തുകയും തന്മൂലം അവ ജനവാസമേഖലകളിലേക്ക് എത്തിപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഇക്കോ-റിസ്റ്റോറേഷൻ പോളിസിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നത്. നാളിതുവരെ വിവിധ സർക്കിളുകളിലായി 5,635 ഹെക്ടർ സ്ഥലത്ത് വനപുനഃസ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും, 574 വയലുകളും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോടു ചേർന്നുകിടക്കുന്ന സ്വകാര്യ |

| | | | |
|---|---|---|---|
| | | | എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മിഷൻ ഫുഡ്, ഫോഡർ & വാട്ടർ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി 2025-26 കാലയളവിൽ 5,06,487 സീഡ്ബാൾ (വിത്തുണ്ട) വ്യാപനം, 620.722 ഹെക്ടർ വിസ്റ്റ ക്ലിയറൻസ്, 263.15 ഹെക്ടർ തുറസ്സായ പ്രദേശങ്ങളുടേയും, 572.72 ഹെക്ടർ വയലുകളുടേയും, 1704.85 ഹെക്ടർ പുൽമേടുകളുടേയും പുനഃസ്ഥാപനം, 111 സ്വാഭാവിക കുളങ്ങളുടേയും 112 കൃത്രിമ കുളങ്ങളുടേയും പരിപാലനം, 55 കൃത്രിമ കുളങ്ങളുടെ നിർമ്മാണം, 2 കോൺക്രീറ്റ് ചെക്ക് ഡാമുകളുടേയും 21 കൽത്തടയണകളുടേയും 15 മൺതടയണകളുടേയും 646 ബ്രഷ് വുഡ് ചെക്ക് ഡാമുകളുടേയും നിർമ്മാണം, 113 കോൺക്രീറ്റ് ചെക്ക് ഡാമുകളുടേയും 226 നീരുറവകളുടേയും പരിപാലനം എന്നീ പ്രവർത്തനങ്ങൾ വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് വരുന്നത് തടയുന്നതിന് സ്വീകരിച്ച വരുന്നു |
| (സി) | വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥ ഉറപ്പാക്കി ജനവാസമേഖലകളിലേക്ക് അവ കടന്നു വരുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പ വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ വനഭൂമികളിലുള്ള വിദേശയിനത്തിൽപ്പെട്ടതും, കാലികപ്രസക്തി നഷ്ടപ്പെട്ടതും, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായേക്കാവുന്നതുമായ ഏകവിളത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിന് സ.ഉ. (കൈ) നം. 29/2021/വനം തീയതി 17/12/2021 പ്രകാരം സർക്കാർ ‘പാരിസ്ഥിതിക പുനഃസ്ഥാപന നയം’ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ഒരു ഇക്കോ-റിസ്റ്റോറേഷൻ പോളിസി അംഗീകരിച്ച് നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. ആവാസ വ്യവസ്ഥാ പരിപോഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കുക വഴി ഉൾവനങ്ങളിൽ വന്യജീവികൾക്ക് മെച്ചപ്പെട്ട ഭക്ഷണ-ജല ലഭ്യത ഉറപ്പുവരുത്തുകയും തന്മൂലം അവ ജനവാസമേഖലകളിലേക്ക് എത്തിപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഇക്കോ-റിസ്റ്റോറേഷൻ പോളിസിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നത്. നാളിതുവരെ വിവിധ സർക്കിളുകളിലായി 5,635 ഹെക്ടർ സ്ഥലത്ത് വനപുനഃസ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും, 574 വയലുകളും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോട്ട ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മിഷൻ ഫുഡ്, ഫോഡർ & വാട്ടർ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി 2025-26 കാലയളവിൽ 5,06,487 സീഡ്ബാൾ (വിത്തുണ്ട) വ്യാപനം, 620.722 ഹെക്ടർ വിസ്റ്റ ക്ലിയറൻസ്, 263.15 ഹെക്ടർ ഉറസ്സായ പ്രദേശങ്ങളുടേയും, 572.72 ഹെക്ടർ വയലുകളുടേയും, 1704.85 ഹെക്ടർ പുൽമേട്ടുകളുടേയും പുനഃസ്ഥാപനം, 111 സ്വാഭാവിക കുളങ്ങളുടേയും 112 കൃത്രിമ കുളങ്ങളുടേയും പരിപാലനം, 55 കൃത്രിമ കുളങ്ങളുടെ നിർമ്മാണം, 2 കോൺക്രീറ്റ് ചെക്ക് ഡാമുകളുടേയും 21 കൽത്തടയണകളുടേയും 15 മൺതടയണകളുടേയും 646 ബ്രഷ് വുഡ് ചെക്ക് ഡാമുകളുടേയും നിർമ്മാണം, 113 കോൺക്രീറ്റ് ചെക്ക് ഡാമുകളുടേയും 226 നീരുറവകളുടേയും പരിപാലനം എന്നീ പ്രവർത്തനങ്ങൾ വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് വരുന്നത് തടയുന്നതിന് സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ